**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 183** **27-01-2026 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് താലൂക്ക് ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുക്കാട് താലൂക്ക് ആശുപത്രിയിൽ എന്തെല്ലാം അടിസ്ഥാന- വികസന- സേവനസൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | പുതുക്കാട് താലൂക്ക് ആശുപത്രിയിൽ 10 ബെഡ്ഡുകളോട് കൂടിയ ഐസോലേഷൻ വാർഡ് നിർമ്മാണം പൂർത്തീകരിച്ചു. നിലവിലുള്ള മെയിൻ വാർഡിന്റെ മുകളിൽ സ്ത്രീകളുടെ വാർഡ്, ലാബ് ബ്ലോക്ക്, സ്റ്റോറേജ് യൂണിറ്റ്, പൊതുജനാരോഗ്യ വിഭാഗം തുടങ്ങിയവ പ്രവർത്തിപ്പിക്കാവുന്ന രണ്ടു നിലകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. കൊടകര ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുത്തി മോർച്ചറി നവീകരണവും ഫ്രീസറും സ്ഥാപിച്ചു. കൂടാതെ കൊടകര ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുത്തി 14 ലക്ഷം രൂപയ്ക്ക് ലാബിലേക്ക് ആവശ്യമായ മെഷീനുകളും വാങ്ങിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ ഗൈനക്കോളജി ഐ.പി. ആരംഭിക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും; പ്രസ്തുത ഐ.പി. എന്നത്തേക്ക് പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്നും അറിയിക്കാമോ; | (ബി) | ഗൈനക്കോളജി ഐ പി വിഭാഗം ആരംഭിക്കുന്നതിനായി 20 കിടക്കകളോടുകൂടിയ ഫീമെയിൽ വാർഡ് സജ്ജമാക്കുകയും അഡ്മിഷൻ ആവശ്യമായി വരുന്ന ഗൈനക്ക് രോഗികൾക്ക് നിലവിൽ അഡ്മിഷൻ നൽകി വരികയും ചെയ്യുന്നു. |
| (സി) | പുതുതായി പണികഴിപ്പിച്ച സ്ത്രീകളുടെ വാർഡ്, ലാബ് ബ്ലോക്ക്, പൊതുജനാരോഗ്യവിഭാഗം ബ്ലോക്ക് എന്നിവയുടെ നിർമ്മാണവും, പ്രസ്തുത കെട്ടിടസമുച്ചയത്തിൽ ലിഫ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (സി) | പുതുതായി പണികഴിപ്പിച്ച സ്ത്രീകളുടെ വാർഡ്, ലാബ് ബ്ലോക്ക്, പൊതുജനാരോഗ്യവിഭാഗം ബ്ലോക്ക് എന്നിവയുടെ സിവിൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ലിഫ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് പഞ്ചായത്തിന്റെ അംഗീകാരം ലഭ്യമായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ലിഫ്റ്റ് പ്രവർത്തിപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ